**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2437** **24-06-2024 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | ആസ്തിവികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. 17.12.2022 ലെ സ.ഉ.(അച്ചടി) നം.145/2022/ധന ഉത്തരവ് പ്രകാരം പ്രായോഗികമായി ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (Final bill) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവു മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual savings)ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല.ടെണ്ടർ എക്സസ് ആണ് വരുന്നതെങ്കിൽ ആയത് അടുത്ത സാമ്പത്തിക വർഷത്തെ 5 കോടി രൂപയിൽ നിന്ന് കുറവ് ചെയ്യുന്നതിന് ബന്ധപ്പെട്ട എം എൽ എ യുടെ അനുമതി വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത എക്സസ് തുക അതത് ഗുണഭോക്തൃ വകുപ്പിന്റെ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. |
| (ബി) | ഉടുമ്പൻചോല മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ടെണ്ടർ ചെയ്ത ഇനത്തിൽ എത്ര തുക സേവിംഗ്സ് | (ബി) | വിവരം ശേഖരിച്ചു വരുന്നു |

| | | | |
|---|---|---|---|
| | ലഭിച്ചിട്ടുണ്ടെന്ന് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ; | | |
| (സി) | നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം എം.എൽ.എ.മാർക്ക് ടെണ്ടർ സേവിംഗ്സ് പ്രയോജനപ്പെടുത്താൻ കഴിയാറില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിശോധിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആസ്തിവികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക ഉപയോഗപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്ന വിഷയം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ